# <u>The Holy Ghost - the flowing river</u>

## *പരിശുദ്ധാത്മാവാം നീരൊഴുക്ക്*




ഒരിക്കൽ ആത്മനിറവുള്ള ഒരു മിഷനറി ഒരു യോഗത്തിൽ യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായം വായിച്ച് കേൾപ്പിക്കുകയുണ്ടായി. കാബു എന്ന് പേരുള്ള ഒരു നീഗ്രോ ബാലൻ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആത്മനിറവോടെയുള്ള അദ്ദേഹത്തിന്റെ വായന കാബുവിൽ വലിയമാറ്റം വരുത്തി.വർഷങ്ങൾക്കു ശേഷം സാമുവേൽ മോറീസ് എന്ന പേരോടെ സുവിശേഷം(Good news) പ്രചരിപ്പാൻ പുറപ്പെട്ടപ്പോഴാണ് തന്നിലെ മാറ്റത്തിന്റെ കാരണം ആരാണെന്ന് മോറീസിനു മനസ്സിലായത്. പരിശുദ്ധാത്മ ശക്തി നമ്മിലേക്ക് ഒഴുകി എത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. വെള്ളത്താൽ നിറയപ്പെട്ട നദിയിൽ നിന്നു മാത്രമേ ഒഴുക്ക് ഉണ്ടാകുന്നുള്ളൂ. ജീവ ജലത്തിന്റെ നദി നമ്മിൽ നിന്നൊഴുകണമെങ്കിൽ ജീവജലത്തിന്റ നിറവ് നമ്മിലുണ്ടാകണം.

കാൽഭാഗമോ, പകുതിയോ, മുക്കാൽഭാഗമോ വെള്ളമുള്ള പാത്രത്തെ നിറഞ്ഞപാത്ര മെന്ന് പറയുവാൻ കഴിയുകയില്ല ആ പാത്രം നിറയ്ക്കുവാൻ ഒരു വ്യക്തിയുടെ സഹായം ആവ ശ്യമാണ്. ആത്മാവിനാൽ നിറയ്ക്കുന്നവൻ തന്നെയാണ് നീരുറവയായിത്തീരുന്നതും മറ്റുള്ളവരി ലേക്ക് ഒഴുകുവാൻ സഹായിക്കുന്നതും. ഈ നീരുറവയിലെ ജലം വിതരണം ചെയ്യുന്നത് ദൈവ മക്കൾ എന്ന് അഭിമാനിക്കുന്ന നമ്മുടെ ചുമതലയാണ്.

ഉത്ത: (4:15) ൽ സഭ, ലെബനോനിൽ നിന്നൊഴുകുന്ന നീരൊഴുക്കാണെന്ന് രേഖ പ്പെടുത്തിയിരിക്കുന്നു. ശീതകാലത്തും , വേനൽക്കാലത്തും ലെബാനോനിലെ വെള്ളം ശക്തമായി താഴ്‌വാര പ്രദേശങ്ങളിലേക്ക് ഒഴുകുന്നു. ക്രിസ്തു വസിക്കുന്ന സഭയുടെ ആത്മീകമണ്ഡലവും,

പ്രവർത്തനമണ്ഡലവും ലെബാനോനിൽ നിന്ന് പുറപ്പെടുന്ന ശക്തിയുള്ള ഒഴുക്കിന് സാദൃശ്യമാണ്. സഭയിൽ നിന്ന് യഥാഷ്ടം ഒഴുകിക്കൊണ്ടിരിക്കേണ്ടത് പരിശുദ്ധാത്മാവാകുന്ന ജീവനദി ആയിരിക്കേണം . ഈ അരുവിയുടെ ശക്തിയെ തടയുവാൻ ഭൂമിയിൽ ഒരു അന്ധകാര ശക്തിയ്ക്കും സാദ്ധ്യമല്ല. സഭ അവളുടെ ദൗത്യം പൂർത്തിയാക്കുംവരെ ഒരു എതിർ ശക്തിയ്ക്കും വഴിമാറിക്കൊടുക്കുകയില്ല. വിശ്വാസത്തോടെ അരുവിയെ സമീപിക്കുന്നവർക്കു മാത്രമേ വെള്ളം പകർന്നു നൽകുവാൻ കഴിയുകയുള്ളൂ.

Read- യോഹ: 7:38-39

ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും വ്യക്തികൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം സ്വീകരിച്ചാൽ അത് വചനം പറയുന്നവനേയും വചനമാകുന്ന ദൈവത്തേയും സ്വീകരിക്കുന്നതിന് തുല്യമാണ്. അപ്രകാരം വചനം സ്വീകരിച്ച തെസ്സലോനിക്കസഭ മറ്റുള്ളവർക്ക് മാതൃകാസഭയാണെന്ന് പൗലോസപ്പോസ്തോലൻ രേഖപ്പെടുത്തിയിരിക്കുന്നു. (1തെസ്സ:1:6,8) നാം കൂടി നടക്കുന്ന സഭയും , നമ്മുടെ ജീവിതവും മാതൃകാപരമാണോ ?

(1 തെസ്സ:1:1-5 വരെയുള്ള ഭാഗത്തു നിന്നും)

## *സഭ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം*

1. ഓരോ വ്യക്തികളും അവരവരുടെ വിളിയേയും തിരഞ്ഞെടുപ്പിനേയും കുറിച്ച് ബോദ്ധ്യമുള്ളവരാകണം.

2. വിശ്വാസത്തോടെ വേല ചെയ്യണം.

3. പ്രയത്നം ദൈവസ്നേഹത്തോടെയാകണം.

4.യേശുവിനെക്കുറിച്ചുള്ള പ്രത്യാശ സ്ഥിരതയുള്ളതാകണം അപ്പോൾ ശക്തമായ സുവിശേഷം വചനമായി മാത്രമല്ല പരിശുദ്ധാത്മ ശക്തിയോടെ അനേകരിലേക്ക് ഒഴുകി എത്തുന്നു.

### *വചനത്തിന്റെ ശക്തി '4' വിധത്തിൽ*

1. തീപോലെ - യിരെ (5:14)

2.ചുറ്റികപോലെ - യിരെ: 23,29

3. രക്ഷാകരമായ ദൈവശക്തി - റോമ: 1:16

4. പ്രതിരോധായുധമായ പരിച - എഫേ:6:17

### *ദൈവവചനം '4' വിധത്തിൽ ആത്മശക്തിയെതരുന്നു. ഏതെല്ലാം?*

1. മനുഷ്യർക്ക് പാപത്തെ ശാസിക്കുവാനുള്ള ധൈര്യം ലഭിക്കുന്നു. - മീഖ (3:8)

2. ശരീരബലത്തേക്കാൾ ശക്തിമത്താണ് ആത്മശക്തി - സെഖ:4:6

3. അധികാരത്തോടെ സംസാരിപ്പാൻ മനുഷ്യരെ പ്രാപ്തരാക്കുന്നു. - അപ്പോ:പ്രവ:(4:33) (6:8)

4. രോഗശാന്തിയോടൊപ്പം ആത്മശക്തിയാൽ നിറയ്ക്കുകയും ചെയ്യുന്നു. - അപ്പോ:പ്രവ:(19:11,12)

ഈ ദൈവത്തെ ഹൃദയത്തിൽ സ്വീകരിച്ചാൽ ആത്മീയപ്രത്യാശ നമ്മിൽ നിറയപ്പെടുകയും അനേകരെ വിശുദ്ധനീരുറവയിങ്കലേക്ക് സ്വാഗതം ചെയ്യുവാനും കഴിയുന്നു. വറ്റാത്ത അരുവിയായി ലോകത്തിലേക്ക് ഒഴുകുന്ന ഒരു മഹാപ്രവാഹമായി നാം മാറുവാനായി നമ്മുടെ ജീവിതത്തെ ദൈവകരങ്ങളിൽ നമുക്ക് സമർപ്പിക്കാം. ദൈവീകഅരുവി നമ്മുടെ സമർപ്പണത്തിന്റെ ആഴങ്ങളിൽ നിന്ന് പുറപ്പെടട്ടെ. ഈ വർഷാവസാനം അപ്രകാരമൊരു സമർപ്പണത്തിന് തയ്യാറാകുമോ ? ദൈവം അതിനായി നമ്മെ ശക്തീകരിക്കട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg